12

# ദുഷ്ടന്മാർക്കുള്ള ശിക്ഷ

*"എന്നാൽ നിന്റെ കാഠിന്യത്താലും അനുതാപമില്ലാത്ത ഹൃദയത്താലും നീ ദൈവത്തിന്റെ നീതിയുള്ള വിധി വെളിപ്പെടുന്ന കോപദിവസത്തേക്ക് നിനക്കുതന്നെ കോപം ചരതിച്ചു വെക്കുന്നു. അവൻ ഓരോരുത്തന്നു അവനവന്റെ പ്രവൃത്തിക്കു തക്ക പകരം ചെയ്യും. നല്ല പ്രവൃത്തിക്കു വേണ്ടുന്ന സ്ഥിരത പൂണ്ട് തേജസും മാനവും അക്ഷയതയും അന്വേഷിക്കുന്നവർക്ക് നിത്യജീവനും, ശാഠ്യം പൂണ്ട് സത്യം അനുസരിക്കാതെ അനീതി അനുസരിക്കുന്നവർക്ക് കോപവും ക്രോധവും കൊടുക്കും. തിന്മ പ്രവൃത്തിക്കുന്ന ഏതു മനുഷ്യാത്മാവിന്നും കഷ്ടവും സങ്കടവും ആദ്യം യെഹൂദനും പിന്നെ യവനനും വരും ..." (റോമർ 2:5-9).*

ജീവിതത്തിൽ സുഖം നീണ്ടുനിൽക്കണമെന്നും വേദന പെട്ടെന്ന് നീങ്ങിപോകണമെന്നുമാണ് നാം ആഗ്രഹിക്കുന്നത്. സുഖവും ആസ്വാദനവും ശിക്ഷയല്ല. നമുക്ക് വിയോജിപ്പുള്ളതാണെങ്കിലും, നമ്മുടെ തെറ്റുകൾക്ക് പകരം വീട്ടുന്നതു സഹിക്കുമ്പോഴാണ് ശിക്ഷയാകുന്നത്. ദൈവം ചെയ്യുമെന്നു പറയുന്നതു ചെയ്യുമ്പോൾ നമുക്ക് വേദനയുണ്ടായേക്കാം, എന്നാൽ അതു പ്രതീക്ഷിക്കണം. പിന്നെ എങ്ങനെ പാപിയായ മനുഷ്യനെ ദൈവം ശിക്ഷിക്കും?

### ശിക്ഷ എങ്ങനെ ഇരിക്കും?

അവസാനം ദുഷ്ടന്മാരെ ദൈവം എന്നേക്കും ശിക്ഷിക്കുന്നത് അവസാനമാണെന്ന് നാം കണ്ടുകഴിഞ്ഞു. "നിത്യമായ ശിക്ഷ എങ്ങനെ ആയിരിക്കുമെന്ന് നമുക്ക് ഊഹിക്കുവാൻ സാധ്യമല്ല" (മത്തായി 25:46).

**നാശം?**

ആരെയും എന്നേക്കും ശിക്ഷിക്കുകയില്ല എന്നാണ് ചിലർ പഠിപ്പിക്കുന്നത്. അവർ വിശ്വസിക്കുന്നത് ദുഷ്ടന്മാരെ നശിപ്പിക്കുന്നതാണ് "നിത്യശിക്ഷ" എന്നാണ്. നിലനിൽപിൽനിന്നു കടന്നുപോകുന്നതാണ് നിത്യശിക്ഷ എന്നാണ് അവർ കരുതുന്നത്. ദുഷ്ടന്മാർ നശിക്കുകയോ നിത്യശിക്ഷാവിധി അനുഭവിക്കുകയോ ചെയ്യുമെന്ന് പറയുന്ന വാക്യങ്ങളിൽനിന്നാണ് അവർ ഈ അനുമാനത്തിലെത്തി ചേരുന്നത് (മത്തായി 10:28).

*അപ്പോലുമി* എന്ന ഗ്രീക്ക് വാക്ക് "ഡിസ്ട്രോയ്" എന്ന് മത്തായി 10:28 ൽ തർജിമ ചെയ്തിട്ടുണ്ട്, അത് "പെരിഷിങ്ങ്" എന്നും (മത്തായി 8:25) "ലോസ്റ്റ്" എന്നും തർജിമ ചെയ്തിട്ടുണ്ട് (ലൂക്കൊസ് 15:4, 6). മത്തായി 9:17 ൽ യേശു തുരുത്തി നശിച്ചുപോകും എന്നു പറഞ്ഞത് എന്നേക്കുമുള്ള നാശമല്ല; നഷ്ടപ്പെട്ട (*അപ്പോലുമി*) ആട്, ദ്രവ്യം, പുത്രൻ കണ്ടെത്തിയതായി പറയുന്നു (ലൂക്കൊസ് 15:6, 9, 24). "കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനത്രെ മനുഷ്യപുത്രൻ വന്നത്" (ലൂക്കൊസ് 19:10) "എന്റെ നിമിത്തം

തന്റെ ജീവനെ കളഞ്ഞവൻ അതിനെ കണ്ടെത്തും" എന്നും അവൻ പറഞ്ഞു (മത്തായി 10:39). നശിച്ചുപോയതിനെ കണ്ടെത്തുവാനോ രക്ഷിപ്പാനോ കഴിയുകയില്ല. അവസാനിപ്പിക്കുന്ന ഏതൊരു സന്ദർഭത്തിലും *അപ്പോലുമി* യുടെ അർത്ഥം, "ടു ബി ലോസ്റ്റ്," "ടു റൂയിൻ," "ടു പെരിഷ്," അല്ലെങ്കിൽ "ടു ഡെസ്ട്രോയ്" എന്നാണ് അല്ലാതെ "ടു ബി അനിഹിലേറ്റഡ്" എന്നായിരിക്കയില്ല.

ദുഷ്ടന്മാരെ, നിത്യത മുഴുവൻ, തുടർച്ചയായി എന്നേക്കും ശിക്ഷിച്ചുകൊണ്ടിരിക്കും: "അവരുടെ ദണ്ഡനത്തിന്റെ പുക എന്നെന്നേക്കും പൊങ്ങും; അവർക്ക് രാവും പകലും ഒരു സ്വസ്ഥതയുമുണ്ടാകയില്ല" (വെളിപ്പാട് 14:11). പിശാചിനേയും, മൃഗത്തെയും, കള്ളപ്രവാചകനെയും ശിക്ഷിക്കുന്നതു സംബന്ധിച്ച് വെളിപ്പാട് 20:10-ൽ ഇതു തന്നെ പറഞ്ഞിരിക്കുന്നു, അവരെ തീപ്പൊയ്കയിലേക്ക് തള്ളിക്കളഞ്ഞതായി വെളിപ്പാട് 19:20-ൽ പറഞ്ഞിരിക്കുന്നു. തീപ്പൊയ്കയിലേക്ക് തള്ളിയവർ നശിച്ചുപോകുമെങ്കിൽ, ആയിരം വർഷങ്ങൾക്ക് ശേഷം പിശാചിനെ ഗന്ധകപൊയ്കയിൽ തള്ളുമ്പോഴേക്ക് അവർ വെന്തുപോയിരിക്കുമല്ലൊ (വെളിപ്പാട് 20:2, 3). അവർ ഇപ്പോഴും തീപ്പൊയ്കയിൽ തുടർച്ചയായി യാതന സഹിച്ചുകൊണ്ടാണിരിക്കുന്നത്, രാവും പകലും അവർക്ക് സ്വസ്ഥതയില്ല (വെളിപ്പാട് 20:10).

പുതിയനിയമത്തിലെ കൃപയിൻകീഴിലുള്ളവർ ദൈവത്തിന്റെ കൃപയെ തള്ളിക്കളഞ്ഞാൽ, മോശെയുടെ ന്യായപ്രമാണം ലംഘിച്ചവർക്കു ലഭിക്കുന്ന ശിക്ഷയേക്കാൾ മോശമായ ശിക്ഷയായിരിക്കും ലഭിക്കുക (എബ്രായർ 10:29). മോശെയുടെ ന്യായപ്രമാണം ലംഘിച്ചവർക്ക് ലഭിച്ച മോശമായ ശിക്ഷ മരണമായിരുന്നു. മരണത്തേക്കാൾ ഭയാനകമായ ശിക്ഷയാണ് വരുവാനിരിക്കുന്നത്. ആ ശിക്ഷയാണ് നരകം.

### വാസ്തവത്തിലുള്ള ശിക്ഷയോ?

നരകം (ഗ്രീക്ക്.: *ഗെഹെന്ന*[1]) യാക്കൊബ് 3:6 ഒഴിച്ച്, യേശു പ്രത്യേകമായി പറഞ്ഞ,[2] വാസ്തവത്തിലുള്ള സ്ഥലമാണ് അത്. *ഹേഡസ്* എന്നതും *ഗെഹെന്ന* എന്നതും "നരകം" എന്നു തർജിമ ചെയ്തുകൊണ്ട് കെജെവി ആളുകളെ തെറ്റിദ്ധരിപ്പിച്ചിരിക്കയാണ്. മരിച്ചവരുടെ ഇടക്കുള്ള സ്ഥാനമായ ഹേഡസും ദുഷ്ടന്മാരെ എന്നേക്കും ശിക്ഷിക്കുന്ന സ്ഥലമായ നരകവും തമ്മിലുള്ള വ്യത്യാസം നാം ശ്രദ്ധിക്കണം.

ഹിന്നോമിന്റെ മക്കൾക്കുണ്ടായിരുന്ന ഒരു മലയിടുക്കിനെയാണ് ആദ്യം *ഗെഹെന്ന* എന്ന് വിളിച്ചത്. ആ സ്ഥലം ദൈവത്തിനും മനുഷ്യനും മ്ലേഛവും അറെപ്പുളവാക്കുന്നതുമായിരുന്നു കാരണം, വിഗ്രഹാരാധികൾ അവരുടെ മക്കളെ അവിടെ ദഹിപ്പിച്ചിരുന്നു.[3] അങ്ങനെ അത് യേശുവിന്റെ കാലത്ത് യെരുശലേമിന്റെ മാലിന്യനിക്ഷേപമായിരുന്നു. അതു തുടർച്ചയായി തീയുടെ പുക പൊങ്ങുകയും, പുഴുക്കൾ നിറഞ്ഞതായ, കുഴിയുമായിരുന്നു. അതുകൊണ്ട് യേശു ദുഷ്ടന്മാരെ ശിക്ഷിക്കുന്ന സ്ഥലത്തിന് ഉപയോഗിച്ച പേർ വളരെ അന്വർത്ഥമാണ്.

ഗെഹെന്നയിലെ തീ തീച്ചൂളയാണെന്നാണ് യേശു പറഞ്ഞത് (മത്തായി 13:42, 50). ആ തീ കെടാത്തതും നിത്യവുമായിരിക്കും (മത്തായി 3:12; 18:8; 25:41; മർക്കൊസ് 9:48[4]). അവിടെ "പുഴു" ചാകുകയില്ല എന്നും അവൻ പറഞ്ഞു. തീയും പുഴുവും മൃതശരീരങ്ങളെ ദഹിപ്പിച്ചുകഴിഞ്ഞ് പിന്നെ ഒന്നും

കത്തുവാനില്ലെങ്കിൽ തീ കെട്ടുപോകുമല്ലൊ. യേശു പറഞ്ഞ തീയും പുഴുവും അക്ഷരികമല്ലെങ്കിലും, അവൻ ഉപയോഗിച്ച വാക്കുകൾ സൂചിപ്പിക്കുന്നത് അവസാനിക്കാത്ത ശിക്ഷയെയാണ്.

തീ അക്ഷരികമല്ലെങ്കിൽ, യേശു എന്തിനാണ് ''തീ'' എന്ന വാക്ക് ആവർത്തിച്ചാവർത്തിച്ച് പറഞ്ഞത്? മറ്റൊരുവാക്കിൽ പറഞ്ഞാൽ, ഭൗതികമായ വാക്കുകളാലല്ലാതെ അവന് എങ്ങനെ ആത്മാക്കളുടെ ആ നരകശിക്ഷയെ നമ്മെ ബോധ്യപ്പെടുത്തുവാൻ കഴിയും?

നരകത്തിൽ ഏതു തരം ശിക്ഷയായിരിക്കും അനുഭവപ്പെടുക? അനുസരിക്കാത്തവർക്ക് എന്തു പ്രതീക്ഷിക്കാം?

(1) നരകത്തിലേക്ക് അയക്കുന്നവരോട് "വിട്ട് പോകുവിൻ" എന്നു പറയും (മത്തായി 7:23; 25:41; ലൂക്കൊസ് 13:27 നോക്കുക). അവർ ദൈവത്തിൽനിന്ന് അകന്നുപോകും.

(2) നരകത്തിലുള്ളവരെ ശിക്ഷിക്കുന്നത് ദൈവസാന്നിധ്യത്തിൽനിന്നകലെയായിരിക്കും (2 തെസലൊനിക്യർ 1:9). അതിനർത്ഥം ദൈവം അവരെ കാണുകയോ, കേൾക്കുകയോ, സഹായിക്കുകയോ ഇല്ല എന്നാണ്.

(3) പിശാചും അവന്റെ ദൂതന്മാരും, ഭൂമിയിൽ ദുഷ്ടരായി ജീവിച്ച് മരിച്ചവരെല്ലാം നരകത്തിൽ ഉണ്ടായിരിക്കും (മത്തായി 25:41).

(4) ഗന്ധകവും തീയും കൊണ്ട് യാതന ഏല്പിക്കുന്ന സ്ഥലമാണ് നരകം (വെളിപ്പാട് 14:10; 20:10; 21:8).

(5) നരകത്തിലുള്ളവർ തുടർച്ചയായി നശിച്ചുകൊണ്ടേയിരിക്കും (2 തെസലൊനിക്യർ 1:9).

(6) ദൈവത്തിന്റെ നിത്യമായ രാജ്യത്തിൽ അവർ പ്രവേശിക്കയില്ല (1 കൊരിന്ത്യർ 6:9; ഗലാത്യർ 5:21).

(7) ദൈവത്തിന്റെ കോപം നിമിത്തമുള്ള കഷ്ടത അവർ അനുഭവിക്കും (മത്തായി 3:7; റോമർ 2:5; 5:9; എഫെസ്യർ 5:6; കൊലൊസ്യർ 3:6). അതു കലർപ്പില്ലാതെ പകർന്നുകൊണ്ടിരിക്കും (വെളിപ്പാട് 14:10).

(8) അവർ പുറത്തുള്ള, ഇരുട്ടിലായിരിക്കും (മത്തായി 8:12; 22:13; 25:30; 2 പത്രൊസ് 2:17; യൂദാ 13).

(9) അവർ ശിക്ഷിക്കപ്പെടും (മർക്കൊസ് 16:16; യോഹന്നാൻ 5:29; 2 തെസലൊനിക്യർ 2:12; 2പത്രൊസ് 2:3; കെജെവി).

(10) നശിക്കുന്ന അവസ്ഥയിലായിരിക്കും (ഗലാത്യർ 6:8).

(11) അവർ ദൈവത്തിന്റെ പ്രതികാരം അനുഭവിക്കും (റോമർ 12:19).

ശിക്ഷിക്കപ്പെടുന്നവരുടെ പ്രതികരണം പറഞ്ഞറിയിക്കുവാൻ പറ്റാത്താണ്: അവർ നിരാശയും ഉപദ്രവവും സഹിച്ചുകൊണ്ടിരിക്കും (റോമർ 2:9). അവർ കരഞ്ഞും പല്ലുകടിച്ചുമിരിക്കും എന്നാണ് യേശു പറഞ്ഞത്, അത് തീവ്രമായ വേദനയെ കാണിക്കുകയാണ് (മത്തായി 8:12; 13:42, 50; 22:13; 24:51; 25:30; ലൂക്കൊസ് 13:28).

നരകത്തെ കുറിച്ചു പറഞ്ഞിട്ടുള്ളതെല്ലാം ഭയങ്കര മോശമാണ്; നല്ലതൊന്നും പറഞ്ഞിട്ടില്ല. അവിടെ പോകുന്നവരെല്ലാം ദുഷ്ടരായി ജീവിച്ച ആളുകളോടും പിശാചിനോടും അവന്റെ ദൂതന്മാരോടും കൂടെയാണ് എന്നേക്കും കഴിയുന്നത് (മത്തായി 25:41)! അവർ ഒരിക്കലും ദൈവത്തോടുകൂടിയോ അല്ലെങ്കിൽ നീതിമാന്മാരോടുകൂടിയോ ആയിരിക്കയില്ല. അവർ എന്നേക്കും ഇരുട്ടിലായിരിക്കും. വെളിച്ചമായ, ദൈവം അവിടെ ഉണ്ടായിരി

ക്കയില്ല. പ്രപഞ്ചത്തിലുള്ള സൂര്യനോ, താരവ്യൂഹങ്ങളോ, നക്ഷത്രങ്ങളോ പ്രകാശം നൽകുന്ന യാതൊന്നും ഉണ്ടായിരിക്കുകയില്ല. ദൈവമോ ആ വെളിച്ചങ്ങളോ ഇല്ലെങ്കിൽ പൂർണ്ണമായ ഇരുട്ടായിരിക്കും.

## ശിക്ഷക്ക് അളവുകൾ ഉണ്ടായിരിക്കുമോ?

ദൈവത്തിന്റെ ശിക്ഷ കഠിനമാകയാൽ നാം ചോദിച്ചേക്കാം, ‘‘ശിക്ഷക്ക് അളവുകളുണ്ടോ?’’ “നല്ല ജീവിതം” നയിച്ച ഒരാൾ സുവിശേഷം അനുസരിക്കാതെ ജീവിച്ചു മരിച്ച ആളെ, അധാർമ്മികനും കുലപാതകിയുമായി മരിച്ച ഒരാളെ ശിക്ഷിക്കുന്നതുപോലെ തന്നെ ദൈവം ശിക്ഷിക്കുമോ? നീതിമാനായ ദൈവം അങ്ങനെ ചെയ്യുമോ? മാനുഷിക വീണ്ടുവിചാരം ഉറക്കെ പറയും, “ഇല്ല.” എന്നാൽ ദൈവം അങ്ങനെ ചെയ്യുമെന്നതിന് തെളിവില്ല.

ശിക്ഷക്ക് അളവുകളുണ്ടെന്ന് ചില തിരുവെഴുത്തുകൾ സൂചിപ്പിക്കുന്നു. മൃഗത്തെ നമസ്ക്കരിച്ചവർ “ദൈവകോപത്തിന്റെ പാത്രത്തിൽ കലർപ്പില്ലാതെ പകർന്നിരിക്കുന്ന ദൈവക്രോധമദ്യം കുടിക്കേണ്ടിവരും” (വെളിപ്പാട് 14:10), അതു സൂചിപ്പിക്കുന്നത് എല്ലാവരും ദൈവക്രോധമദ്യം കുടിക്കേണ്ടിവരികയില്ല എന്നാണ്. ഈ വാക്യത്തിൽ പറയുന്നത് മൃഗത്തെ നമസ്ക്കരിച്ചവർ മാത്രമാണ് ദൈവക്രോധമദ്യം കുടിക്കേണ്ടിവരിക എന്നാണ്.

കപടഭക്തിക്കാരായ യെഹൂദ മതാദ്ധ്യക്ഷന്മാരെ കുറിച്ച് യേശു പറഞ്ഞു, ‘‘അവർ വിധവമാരുടെ വീടുകൾ വിഴുങ്ങുകയും ഉപായത്താൽ നീണ്ട പ്രാർത്ഥന കഴിക്കയും ചെയ്യുന്നു. അവർക്ക് ഏറ്റവും വലിയ ശിക്ഷാവിധി വരും” (മർക്കൊസ് 12:40; കൂടാതെ മത്തായി 23:14; ലൂക്കൊസ് 20:47 ഉം നോക്കുക). “വലിയ ശിക്ഷാവിധി” ഏറ്റവും മോശമായ ശിക്ഷ അല്ലെങ്കിൽ പിന്നെ എന്താണ്?

ലൂക്കൊസ് 12 ലെ ഉപമയിൽ, ഒരു യജമാനൻ മടങ്ങിവന്നപ്പോൾ, താൻ ആക്കി വെച്ച ദാസൻ സഹദാസന്മാരെ തല്ലുകയും മുടിക്കയും തിന്നുകുടിച്ചു മദിക്കുന്നതു കണ്ടതിനെ തുടർന്ന് അവന്നു അവിശ്വാസികളോടുകൂടെ ഓഹരി കോടുക്കുമെന്ന് പറഞ്ഞിട്ടു, അവൻ തുടരുന്നു:

> യജമാനന്റെ ഇഷ്ടം അറിഞ്ഞിട്ട് ഒരുങ്ങാതെയും അവന്റെ ഇഷ്ടം ചെയ്യാതെയുമിരിക്കുന്ന ദാസന്ന് വളരെ അടി കൊള്ളും. അറിയാതകണ്ട് അടിക്ക് യോഗ്യമായതു ചെയ്തവന്നോ കുറയ അടി കൊള്ളും വളരെ ലഭിച്ചവനോട് വളരെ ആവശ്യപ്പെടും; അധികം ഏറ്റുവാങ്ങിയവനോട് അധികം ചോദിക്കും (വാക്യങ്ങൾ 47, 48).

ഈ വേദഭാഗങ്ങളിൽ, ശിക്ഷയുടെ അളവായിരുന്നു യേശു പഠിപ്പിച്ചത്. ഈ ഉപദേശം നരകത്തിലെ നിത്യശിക്ഷാവിധിക്കും ബാധകമല്ലേ? അങ്ങനെയെങ്കിൽ, ശിക്ഷയിൽ അളവും ഉണ്ടായിരിക്കും.

## ആരായിരിക്കും നരകത്തിൽ പോകുക?

ആരെ ശിക്ഷിക്കും എന്ന് നമ്മോട് പറഞ്ഞിരിക്കുന്നു. അവർ കാഠിന്യമുള്ളവരും അനുതാപമില്ലാത്ത ഹൃദയമുള്ളവരും ആണ്, കൂടാതെ “ശാഠ്യം പൂണ്ട് സത്യം അനുസരിക്കാതെ അനീതി അനുസരിക്കുന്നവരും തിന്മ

പ്രവർത്തിക്കുന്നവരുമാണ്" (റോമർ 2:5, 8, 9). കൂടാതെ അവർ "ദൈവത്തെ അറിയാത്തവരും ... നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ സുവിശേഷം അനുസരിക്കാത്തവരുമാണ്" (2 തെസലൊനിക്യർ 1:8). സ്വർഗത്തിൽ പോകാത്തവരുടെ ലിസ്റ്റ് പൗലൊസ് നൽകുന്നുണ്ട്, അതിനർത്ഥം അവർ നരകത്തിലാണ് പോകുന്നത് എന്നത്രെ (1 കൊരിന്ത്യർ 6:9; ഗലാത്യർ 5:21; എഫെസ്യർ 5:5). അവർ ജീവിച്ച ജീവിതം നിമിത്തം അവരുടെ വാസം നരകത്തിലായിരിക്കും.

പുതിയനിയമം ഭയത്തെ കുറിച്ച് പ്രസ്താവിച്ചിരിക്കുന്നത് വെറുതെയല്ല. പൗലൊസ് എഴുതി, "ആകയാൽ കർത്താവിനെ ഭയപ്പെടേണം എന്നറിഞ്ഞിട്ട് ഞങ്ങൾ മനുഷ്യരെ സമ്മതിപ്പിക്കുന്നു" (2 കൊരിന്ത്യർ 5:11). അതേ അർത്ഥത്തിൽ, പത്രൊസ് എഴുതി, "മുഖപക്ഷം കൂടാതെ, ഓരോരുത്തന്റെ പ്രവൃത്തിക്ക് തക്കവണ്ണം ന്യായം വിധിക്കുന്നവനെ നിങ്ങൾ പിതാവ് എന്ന് വിളിക്കുന്നു എങ്കിൽ നിങ്ങളുടെ പ്രവാസകാലം ഭയത്തോടെ കഴിപ്പിൻ" (1 പത്രൊസ് 1:17). യേശു പറഞ്ഞു, "ദേഹിയെ കൊല്ലുവാൻ കഴിയാതെ ദേഹത്തെ കൊല്ലുന്നവരെ ഭയപ്പെടേണ്ട; ദേഹിയേയും ദേഹത്തെയും നരകത്തിൽ നശിപ്പിപ്പാൻ കഴിയുന്നവനെ തന്നെ ഭയപ്പെടുവിൻ." പൗലൊസ് പിന്നെയും എഴുതി, "അതുകൊണ്ട്, പ്രിയമുള്ളവരേ, നിങ്ങൾ എല്ലായ്പോഴും അനുസരിച്ചതുപോലെ, ഞാൻ അരികത്തിരിക്കുമ്പോൾ മാത്രമല്ല, ദൂരത്തിരിക്കുമ്പോൾ ഏറ്റവും അധികമായി ഭയത്തോടും വിറയലോടുംകൂടെ നിങ്ങളുടെ രക്ഷക്കായി പ്രവർത്തിപ്പിൻ" (ഫിലിപ്പിയർ 2:12).

"തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കുന്നു" (1 യോഹന്നാൻ 4:18), തികഞ്ഞ സ്നേഹം നമ്മെ അനുസരണത്തിൽ നിർത്തുന്നു (യോഹന്നാൻ 14:15, 21; 1 യോഹന്നാൻ 5:3). ദൈവത്തോടുള്ള ഭയവും സ്നേഹവും നാം വളർത്തിയെടുക്കണം. ദൈവത്തോടുള്ള നമ്മുടെ സ്നേഹം നമ്മെ അവനെ സ്നേഹിക്കുവാനായി അവനോട് അടുപ്പിക്കുകയും, അവനോടുള്ള ഭയം അവനെ ബഹുമാനിച്ച് അവന്റെ ഇഷ്ടം ചെയ്യുവാൻ നമ്മെ പ്രേരിപ്പിക്കുകയും ചെയ്യു വലവവവവവവ ന്നു (1 പത്രൊസ് 1:17).

**ഉപസംഹാരം**

മുകളിൽ പ്രതിപാദിച്ചതെല്ലാം വെച്ചുനോക്കുമ്പോൾ, നാം നരകത്തിൽ പോകാതിരിക്കുവാൻ അവയെല്ലാം മതിയായവയാകുന്നു. നരകം നമുക്കു വേണ്ടി ഉണ്ടാക്കിയതല്ല, അത് പിശാചിന്നും അവന്റെ ദൂതന്മാർക്കും വേണ്ടിയായിരുന്നു. ലോകചരിത്രം മുഴുവനും അവൻ ഉണ്ടാക്കിയ കുഴപ്പം നിമിത്തം, ദൈവത്തിന് നൽകുവാൻ കഴിയുന്ന ഏറ്റവും ചൂടേറിയതും യോഗ്യമായതുമാണ് നിത്യനരകം. ഇതു നാം പറയുമ്പോൾ, എങ്ങനെയായാലും, ദൈവത്തെ അനുസരിക്കാതെ പിശാചിനെ പിൻപറ്റുന്ന മനുഷ്യർക്കും തർജനത്തേക്കാൾ യോഗ്യമായ ശിക്ഷ അവരുടെ പാപങ്ങൾക്ക് നൽകേണ്ടതാണെന്ന് നാം തിരിച്ചറിയണം.

നരകശിക്ഷ ഒഴിവാക്കുകയും സ്വർഗത്തിൽ പ്രവേശിക്കുകയും ചെയ്യുക എന്നതാണ് നമ്മുടെ ഏറ്റവും വലിയ ഉന്നം. നരകത്തിൽ ഏറ്റവും നല്ല സ്ഥാനമുണ്ടെങ്കിൽ അവിടെ പോകുന്നതിനേക്കാൾ, സ്വർഗത്തിൽ ഏറ്റവും കുറഞ്ഞ സ്ഥാനം ഉണ്ടെങ്കിൽ, അവിടെ പോകുന്നതായിരിക്കും ഏറ്റവും ഉത്തമം. ദൈവം ആഗ്രഹിക്കുന്നതുപോലെയുള്ള ജീവിതം നയിച്ച് നരകത്തിന്റെ ഭീക

രത്വം ഒഴിവാക്കിക്കൊണ്ട്, മറ്റുള്ളവരെ സ്വർഗത്തിൽ പോകുവാൻ സഹായിക്കുന്നതായിരിക്കും മഹത്തായത്.

---

കുറിപ്പുകൾ

[1]ഗെഹെന്ന എന്നത് എബ്രായ വാക്ക് ഗ്രീക്കിലേക്ക് പദംമാറ്റി ഉപയോഗിച്ചിരിക്കുന്നതും രണ്ട് എബ്രായ വാക്കുകൾ, *ഗെ*, അർത്ഥം "താഴ്‌വര" എന്നും *ഹെന്നോം* താഴ്‌വരയുടെ ഉടമസ്ഥൻ എന്നുമാണ്. [2]മത്തായി 5:22, 29, 30; 10:28; 18:9; 23:15, 33; മർക്കൊസ് 9:43, 45, 47; ലൂക്കൊസ് 12:5; യാക്കൊബ് 3:6 നോക്കുക. [3]2 രാജാക്കന്മാർ 23:10; 2 ദിനവൃത്താന്തം 28:3; 33:6; യിരെമ്യാവ് 7:31, 32; 19:6 നോക്കുക. [4]മർക്കൊസ് 9:43; ലൂക്കൊസ് 3:17. [5]"തികഞ്ഞ" എന്നത് ഗ്രീക്ക് വാക്കായ *ടെലിയോസ്* തർജിമ ചെയ്തതാണ്, അർത്ഥം "പക്വതയുള്ള" എന്നാണ്.